## പതിനാലാം കേരള നിയമസഭ
### പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **01.07.2019 ൽ മറുപടിക്ക്**

**ചോദ്യം നമ്പർ : 5391**

### ഗെയിൽ പ്രകൃതിവാതക പൈപ്പ് ലൈൻ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.റ്റി.വി.രാജേഷ് :** | | **ശ്രീ.ഇ.പി.ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) | സംസ്ഥാനത്ത് ഗെയിൽ പ്രകൃതി വാതക പൈപ്പ് ലൈൻ പദ്ധതിക്കായി എത്ര കിലോമീറ്റർ പൈപ്പ് ലൈനാണ് ഇതുവരെ സ്ഥാപിച്ചിട്ടുള്ളത്; | (എ) | കേരളത്തിലെ 7 വടക്കൻ ജില്ലകളിലൂടെ കടന്നുപോകുന്ന കൊച്ചി-കൂറ്റനാട്-ബാംഗ്ലൂർ-മാംഗ്ലൂർ ഗെയിൽ വാതക പൈപ്പ് ലൈൻ പദ്ധതിയുടെ ആകെ നീളം 507 കി.മീ ആണ്. കൊച്ചി-മാംഗ്ലൂർ പൈപ്പ് ലൈനിന്റെ ആകെ ദൈർഘ്യമായ 409 കി.മീ ൽ 407 കി.മീറ്ററിലും പണി പൂർത്തീകരിച്ചു. കൂറ്റനാട് - ബാംഗ്ലൂർ പൈപ്പ് ലൈനിന്റെ ആകെ ദൈർഘ്യമായ 98 കി.മീ ൽ 44 കി.മീറ്ററിന്റെ വെൽഡിംഗ് പൂർത്തീകരിച്ചു. കൊച്ചി-മാംഗ്ലൂർ പൈപ്പ് ലൈനിൽ പ്രധാനമായും 5 നദികൾക്കു കുറുകെ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പണി മാത്രമേ ബാക്കിയുള്ളൂ. നേത്രാവതി നദി (മംഗലാപുരം), ചന്ദ്രഗിരി നദി (കാസർഗോഡ്), ഇരവഴിഞ്ഞി പുഴ, കുറ്റ്യാടി പുഴ, ചാലിയാർ പുഴ (കോഴിക്കോട്) എന്നീ ജലാശയങ്ങളിലെ പൈപ്പ് ലൈൻ സ്ഥാപിക്കൽ ജോലികളാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. |
| ബി) | കണ്ണൂർ ജില്ലയിൽ ഇതുമായി ബന്ധപ്പെട്ട് എന്തൊക്കെ പ്രവൃത്തികളാണ് ഇതുവരെ നടപ്പിലാക്കിയിട്ടുള്ളത്; വിശദാംശം നൽകുമോ? | (ബി) | കണ്ണൂർ ജില്ലയിൽ പൈപ്പ് ലൈനിന്റെ ആകെ നീളം 83.5 കി.മീറ്റർ ആണ്. ആകെയുള്ള 83.5 കി.മീറ്ററിലും പൈപ്പ് ലൈൻ സ്ഥാപിച്ചു കഴിഞ്ഞു. പുഴയിൽ സ്ഥാപിച്ചിട്ടുള്ള പൈപ്പ് ലൈൻ കരയിൽ സ്ഥാപിച്ചിട്ടുള്ള പ്രധാന പൈപ്പ് ലൈനുമായി ബന്ധിപ്പിക്കുന്ന ജോലിയും, പൈപ്പ് ലൈൻ സ്ഥാപിച്ചു കഴിഞ്ഞ ഭൂമി പൂർവ്വസ്ഥിതിയിലാക്കി സുരക്ഷാ/മുന്നറിയിപ്പു ബോർഡുകൾ സ്ഥാപിക്കുന്ന ജോലിയുമാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്.<br>കണ്ണൂർ ജില്ലയിൽ നാളിതുവരേയ്ക്കും ഭൂമിയിലെ വിളകൾക്കും നാശനഷ്ടങ്ങൾക്കുമായി 36,43,81,271 രൂപയും ഉപയോഗാവകാശം ഏറ്റെടുത്ത ഭൂമിയുടെ വിലയായി 36,53,453 രൂപയും ഭൂവുടമകൾക്ക് നല്കിക്കഴിഞ്ഞു. |

**സെക്ഷൻ ഓഫീസർ**